**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 120** **12-01-2021 - ൽ മറുപടിയ്ക്ക്**

**ദുരഭിമാന കൊലപാതകങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പാലക്കാട് തേങ്കുറിശിയിൽ പെൺകുട്ടി വ്യത്യസ്ത ജാതിയിൽപ്പെട്ട യുവാവിനെ പ്രണയിച്ച് വിവാഹം കഴിച്ചതിനെ തുടർന്നുണ്ടായ ദുരഭിമാന കൊലപാതകത്തിൽ അന്വേഷണം ഏതു ഘട്ടത്തിലാണ്; | (എ) | പ്രസ്തുത സംഭവത്തിന് കുഴൽമന്ദം പി. എസ് ക്രൈം നം. 924/2020 U/s 302 r/w 34 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് ടി കേസിലെ പ്രതികളായ സുരേഷ് കുമാറിനെയും പ്രഭുകുമാറിനെയും അറസ്റ്റ് ചെയ്തിട്ടുള്ളതും പാലക്കാട് സി- ബ്രാഞ്ച് യൂണിറ്റ് മേൽ കേസ് ഏറ്റെടുത്ത് അന്വേഷണം നടത്തി വരികയുമാണ്. ഈ കേസിൽ കൂടുതൽ തെളിവുകൾ ശേഖരിക്കുന്നതിനായി ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാൻഡിൽ കഴിഞ്ഞ ഒന്നാം പ്രതി സുരേഷ് കുമാറിനെയും, രണ്ടാം പ്രതി പ്രഭു കുമാറിനെയും, പോലീസ് കസ്റ്റഡിയിൽ വാങ്ങി വിശദമായി ചോദ്യം ചെയ്തു വരുന്നു. ഇതിന്മേൽ കൂടുതൽ തെളിവുകൾ ശേഖരിച്ച് അന്വേഷണം നടത്തേണ്ടതായുണ്ട്. ആയതിനുശേഷം മാത്രമേ ദുരഭിമാനം മൂലമുള്ള കൊലപാതകമാണോ എന്ന അന്തിമ നിഗമനത്തിൽ എത്താൻ സാധിക്കുകയുള്ളൂ. |
| (ബി) | വിദ്യാഭ്യാസപരമായി ഏറെ മുന്നിൽ നിൽക്കുന്ന നമ്മുടെ സംസ്ഥാനത്ത് ദുരഭിമാന കൊലപാതകങ്ങൾ ഏറി വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഏറിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇതുപോലുള്ള സംഭവങ്ങൾ നടക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത് എന്ന് വിശദമാക്കാമോ? | (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരി ക്കാൻ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർ ക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് പഴുതടച്ചുള്ള ശാസ്ത്രീയമായ അന്വേഷണം നടത്തി തെളിവുകൾ ശേഖരിച്ച് യഥാസമയം തന്നെ കുറ്റപത്രം കോടതിയിൽ സമർപ്പിച്ച് കുറ്റവാളികൾക്കെതിരെ ബഹു. കോടതി കളിൽ നിന്ന് കടുത്ത ശിക്ഷ നൽകുന്നതിനുള്ള നടപടികൾ പോലീസ് സ്വീകരിച്ചു വരുന്നു. കൂടാതെ ജനമൈത്രി പോലീസ് സംവിധാനം ശക്തിപ്പെടുത്തിയും ജനമൈത്രി ബീറ്റ് |

| | | | |
|---|---|---|---|
| | | | ഓഫീസർമാരെ കാര്യക്ഷമ മായി ഉപയോഗിച്ചും സ്ത്രീകൾ, കുട്ടികൾ, മറ്റ് പൊതുജനങ്ങൾ എന്നിവർക്കായി ജില്ലാ തലത്തിലും പോലീസ് സ്റ്റേഷൻ തലത്തിലും നിയമ ബോധവത്കരണ പരിപാടികൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ